# മാധ്യമഭീകരതയുടെ നിറമെന്ത്?

**കേരളത്തിലെ** പത്രപ്രവർത്തനരംഗത്ത് ആർക്കും മറക്കാനാവില്ല വക്കം മൗലവിയെയും കെ. രാമകൃഷ്ണ പിള്ളയെയും *സ്വദേശാഭിമാനി* പത്രത്തെയും. എന്നാൽ ഇന്നത്തെ മലയാള പത്രങ്ങളും ചാനലുകളും കാണുമ്പോൾ ഇവ ആരുടെയൊക്കെയോ ഉപകരണങ്ങളായി പ്രവർത്തിക്കുകയാണെന്ന് കരുതേണ്ടിയിരിക്കുന്നു.

ഭീകരവേട്ടക്കും ലൗ ജിഹാദിനും ശേഷം കളമശ്ശേരി ബസ് കത്തിക്കലുമായി ബന്ധപ്പെട്ട് മുസ്‌ലിം ന്യൂനപക്ഷത്തെ ഉന്നംവെക്കുന്ന റിപ്പോർട്ടുകളാണ് പത്രങ്ങളിലും ചാനലുകളിലും വന്നുകൊണ്ടിരിക്കുന്നത്. കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ ആർക്കുമില്ല രണ്ടു വിചാരം. എന്നാൽ നിയമം നടപ്പാക്കുന്നതിലെയും സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെയും വിവേചനങ്ങൾ തുറന്നു കാണിക്കപ്പെടേണ്ടതുണ്ട്. ഗാന്ധിവധത്തിനു ശേഷം രാജ്യം കണ്ട ഏറ്റവും വലിയ ഭീകര ദുരന്തമായിരുന്നു ബാബരിധ്വംസനം. പതിനേഴു വർഷത്തെ അന്വേഷണത്തിനൊടുവിൽ ലിബർഹാൻ കമീഷൻ റിപ്പോർട്ട് പുറത്തുവന്നപ്പോൾ വാജ്പേയിയും അദ്വാനിയുമുൾപ്പെടെ വമ്പൻ സ്രാവുകളാണ് പ്രതികളെന്ന് വ്യക്തമായി. പാർലമെന്റിനകത്തും പുറത്തും സ്വൈരവിഹാരം നടത്തുന്ന ഇവർക്കെതിരെ നിയമത്തിന്റെ ദണ്ഡ് ഉയർത്താൻ ഭരണകൂടം അറച്ചുനിൽക്കുന്നു. ഈ പശ്ചാത്തലത്തിലാണ് കേരളത്തിൽ സൂഫിയാ മഅ്ദനിയുമായി ബന്ധപ്പെട്ട വിഷയത്തെ വിലയിരുത്തേണ്ടത്. ലൗ ജിഹാദിന്റെ പേരിൽ മുസ്‌ലിം സമൂഹത്തെ പ്രതിക്കൂട്ടിൽ നിർത്തി സംഘ്സ്വരത്തിൽ സംസാരിച്ച മുഖ്യധാരാ മാധ്യമങ്ങൾ അടുത്ത മേച്ചിൽപുറം തേടിയാണ് തീവ്രവാദ വിഷയത്തിലേക്ക് തിരിച്ചെത്തിയിരിക്കുന്നത്.

സാമ്രാജ്യത്വം ലോകത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന മാധ്യമ അജണ്ടയുടെ ഒരു രീതിയാണ് കേരളത്തിലെ വാർത്താ മാധ്യമങ്ങളിലും കണ്ടുവരുന്നത്. പ്രമുഖ പത്രപ്രവർത്തകൻ അജിത് സാഹി പറഞ്ഞതുപോലെ, സാമ്രാജ്യത്വത്തിന്റെ പുതിയ നടത്തിപ്പുകാരായ വൻകിട കോർപറേറ്റുകളാണ് ഇന്ത്യയിലെ മേൽകിട പത്രങ്ങളെയും ചാനലുകളെയും നയിക്കുന്നത്. ലിബർഹാൻ കമീഷൻ റിപ്പോർട്ട് സജീവ ചർച്ചയാവേണ്ട ഘട്ടത്തിൽ എല്ലാ ചർച്ചകളും തടിയന്റവിടയിൽ തട്ടിനിൽക്കുന്നത് ഈ മാധ്യമ അജണ്ടയുടെ ഫലമാണ്.

പത്തു വർഷത്തോളം തടവിൽ പീഡനം സഹിച്ച് നിരപരാധിയെന്നു കണ്ട് കോടതി വിട്ടയച്ച മഅ്ദനിയെയും കുടുംബത്തെയും മാധ്യമങ്ങൾ വേട്ടയാടുന്നതിന്റെ പിന്നിലുള്ള താൽപര്യവും മറ്റൊന്നല്ല. അതിരുവിട്ട മാധ്യമ നിലപാടുകളെ രൂക്ഷമായി വിമർശിച്ച് എഴുത്തുകാരും പത്രപ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരും അക്കാദമിക രംഗത്തെ പ്രമുഖരുമുൾപ്പെടുന്ന അമ്പതോളം പേർ ദൽഹിയിൽ നടത്തിയ പ്രസ്താവന ശ്രദ്ധേയമാണ്. ജുഡീഷ്യറിയെ മറികടന്ന് സൂഫിയാ മഅ്ദനിയെ വിചാരണ ചെയ്തതിലൂടെ കേരളത്തിലെ മാധ്യമങ്ങൾ അവരുടെ മുസ്‌ലിം വിരോധം പ്രകടിപ്പിക്കുകയായിരുന്നുവെന്ന് പ്രസ്താവനയിൽ അവർ കുറ്റപ്പെടുത്തി.

യഥാർഥത്തിൽ മാധ്യമങ്ങൾ തീവ്രവാദ ലൈനിൽനിന്ന് മുഖ്യധാരയിലേക്ക് മടങ്ങാൻ തയാറായ മഅ്ദനിയെ പ്രോത്സാഹിപ്പിക്കുകയും പ്രശംസിക്കുകയുമായി

രുന്നു വേണ്ടിയിരുന്നത്. കെ.ഇ.എൻ പറഞ്ഞതുപോലെ, ആയുധം താഴെ വെച്ചപ്പോൾ ചമ്പൽകൊള്ളക്കാരെ പോലും കെട്ടിപ്പുണരുകയും പാർലമെന്റിലേക്ക് തെരഞ്ഞെടുത്ത് അയക്കുകയും ചെയ്ത രാജ്യത്ത് മഅ്ദനിയോടു മാത്രം ക്ഷമിക്കാതിരിക്കുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല.

**അൻവർ സാദാത്ത് കുന്ദമംഗലം**

## ജമാഅത്തുകാരെന്തേ തീവ്രവാദികളാകാത്തത്?

**മൗദൂദിയെ** തീവ്രവാദത്തിന്റെ മാസ്റ്റർ ബ്രെയിനും ജമാഅത്തെ ഇസ്‌ലാമിയെ അതിന്റെ പ്രഭവകേന്ദ്രവുമായി ചിത്രീകരിക്കാനാണ് ചില തീവ്ര സലഫീ സംഘടനകളും മതേതരത്വത്തിന്റെ മൂടുപടം അണിഞ്ഞവരും കിണഞ്ഞു ശ്രമിക്കുന്നത്. മൗദൂദിയുടെ ചിന്തകളും എഴുത്തുകളുമാണ് ഭീകരവാദത്തിന്റെ അടിസ്ഥാനമെന്ന് എഴുതി വിടുന്നവർ തന്നെ സമ്മതിക്കുന്നു, ഇതുവരെ ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു പ്രവർത്തകനെയും ഒരു തീവ്രവാദ കേസിലും അറസ്റ്റ് ചെയ്തിട്ടില്ലെന്ന്. മൗദൂദിയൻ രചനകളും പ്രഭാഷണങ്ങളുമാണ് തീവ്ര ചിന്തയുടെ ഉറവിടമെങ്കിൽ ജമാഅത്ത് പ്രവർത്തകരായിരുന്നു ആദ്യം തീവ്രവാദികളായി പിടിക്കപ്പെടേണ്ടിയിരുന്നത്. ഒരുപാട് മുൻധാരണകൾ വെച്ച് മൗദൂദി പുസ്തകങ്ങൾ വായിക്കുന്നവരെ കാണുമ്പോൾ സംഘ്പരിവാറുകാർ വിശുദ്ധ ഖുർആൻ വായിക്കുന്നതുപോലെ തോന്നുന്നു. മുൻധാരണകളോടു കൂടി വിശുദ്ധ ഖുർആൻ വായിക്കുന്ന വർഗീയ കക്ഷികൾക്ക് യുദ്ധം, ജിഹാദ് തുടങ്ങിയവ മാത്രമേ അതിൽ കാണാൻ കഴിയൂ. കണ്ണുകൾ തുറന്നു വെച്ചും മനസ്സിനെ ഏകാഗ്രമാക്കിയും ഹൃദയവിശുദ്ധിയോടു കൂടിയും ഖുർആനെ സമീപിക്കുന്നവർ അതിന്റെ മാസ്മരികതയിൽ അത്ഭുതപ്പെട്ടുപോകും എന്നതാണ് വാസ്തവം. ഇതുതന്നെയാണ് മൗദൂദി കൃതികളുടെയും അവസ്ഥ. അവയിൽനിന്ന് തീവ്രവാദം അടർത്തിയെടുക്കാൻ ശ്രമിക്കുന്നവരുടെ ദോഷൈകദൃഷ്ടികൾ പോലും അവയുടെ മാസ്മരികതക്കു മുമ്പിൽ വിസ്മയിച്ചു നിൽക്കാതിരിക്കില്ല.

**ഇബ്നു അബ്ദുസ്സത്താർ**
**ആലിയാ കോളേജ്, കാസർകോട്**

## മുസ്‌ലിംകളുടെ ദേശസ്നേഹം

**ബാബരിമസ്ജിദ്** ധ്വംസനം, മുംബൈ-ഗുജറാത്ത് കലാപം തുടങ്ങി മുസ്‌ലിംകൾ കൂട്ടക്കൊല ചെയ്യപ്പെട്ട ഒട്ടേറെ ഭീകര സംഭവങ്ങൾ രാജ്യത്തരങ്ങേറി. ആരായിരുന്നു ഇവയിലൊക്കെ പ്രതികൾ? യു.പി, ഗുജറാത്ത്, മുംബൈ, മാലേഗാവ് തുടങ്ങി നിരവധി സ്ഫോടന കേസുകളുടെ സത്യാവസ്ഥ പുറംലോകത്തെത്തിച്ച ഹേമന്ദ് കർക്കരെയുടെ വധം ഉൾപ്പെടെയുള്ള ദാരുണ സംഭവങ്ങളുടെയെല്ലാം പേരിൽ ന്യൂനപക്ഷത്തെ ഭീകരവാദികളാക്കി മുദ്രകുത്താൻ ശ്രമിക്കുന്നവർക്ക് പഴുത് തുറന്നു കൊടുക്കുകയല്ലേ തടിയന്റവിട നസീർ മുതലായവർ ചെയ്തത്? ഇത്തരം കേസുകളിൽ നിയമപാലകരും മാധ്യമങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന പേക്കൂത്തുകൾ പലതരം സംശയങ്ങൾക്കും ഇടം നൽകുന്നുണ്ട്. എന്തുതന്നെയായാലും ഇന്ത്യയിലെ പ്രബല ന്യൂനപക്ഷമായ മുസ്‌ലിം സമുദായം ദേശസ്നേഹികളാണെന്നത് ആരും മറക്കണ്ട.

**നേമം താജുദ്ദീൻ തിരുവനന്തപുരം**

## ആത്മവിമർശനങ്ങൾ ഉണ്ടാവണം

**ഡോ. ചന്ദ്രാമുസഫറിന്റെ** ലേഖനം (ലക്കം 27) ശ്രദ്ധേയമായി. ഇസ്‌ലാമിക പ്രസ്ഥാ

നങ്ങളുടെ 'അനൗദ്യോഗിക ഉപദേഷ്ടാവ്' എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. രൂക്ഷമായ വിമർശനങ്ങൾക്ക് പകരം, വസ്തുനിഷ്ഠമായും ഗുണകാംക്ഷയോടെയുമാണ് ഇസ്‌ലാമിക സംഘടനകളെ അദ്ദേഹം വിലയിരുത്താറുള്ളത്. പാക് ജമാഅത്തെ ഇസ്‌ലാമിയുടെ ജനകീയത കുറയാനുള്ള കാരണങ്ങൾ അടിവരയിട്ട് അദ്ദേഹം നിരത്തുകയുണ്ടായി. ഇത് പാക് ജമാഅത്തെ ഇസ്‌ലാമി തന്നെ പിന്നീട് അംഗീകരിക്കുകയുണ്ടായി. പക്ഷേ, പ്രായോഗിക നടപടികൾ കാര്യമായൊന്നും ഉണ്ടായില്ല. ഹമാസിന്റെ ജനാധിപത്യ ഇടപെടലുകൾ വേണമെന്ന് വളരെ മുമ്പുതന്നെ വാദിച്ച ആളായിരുന്നു ചന്ദ്രാമുസഫർ. പിന്നീട് ഹമാസ് ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയായത് നാം കണ്ടു. സ്ത്രീ പങ്കാളിത്തം, അധഃസ്ഥിത വർഗക്കാരുടെ രാഷ്ട്രീയ ഉയിർത്തെഴുന്നേൽപ് തുടങ്ങിയവയോടുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സമീപനങ്ങളെ അദ്ദേഹം വിലയിരുത്തുന്നുണ്ട്. ഈ ലേഖനത്തിലും അത്തരം നിരീക്ഷണങ്ങൾ ധാരാളമുണ്ട്. ഓരോ പ്രസ്ഥാനത്തിന്റെയും പുറത്തു നിന്നല്ല അകത്തുനിന്നുതന്നെയാണ് വിമർശനങ്ങളും ചെറുത്തുനിൽപുകളും ഉണ്ടാവേണ്ടത്. കുശുമ്പും കുനിഷ്ടും പ്രത്യയശാസ്ത്രമായി സ്വീകരിച്ച് മുരളുന്ന പ്രസ്ഥാന വിമർശകരുടെ വർത്തമാനങ്ങൾ തള്ളിക്കളയുമ്പോഴും ഗൗരവമായ നിരൂപണങ്ങൾക്ക് നാം ഇടം അനുവദിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പ്രസ്ഥാനത്തിന്റെ ജൈവികത നഷ്ടപ്പെടുകയും കൃത്രിമത്വം വർധിക്കുകയും ചെയ്യും.

**അബ്ദുൽ കരീം**
**എറണാകുളം**

## മദ്റസാ നവീകരണം സംഘടനകൾ രംഗത്തുവരണം

**ഇസ്‌ലാമിക** നവോത്ഥാന രംഗത്ത് മദ്റസകൾ വലിയൊരു പങ്ക് നിർവഹിച്ചിട്ടുണ്ട്. സച്ചാർ കമ്മിറ്റിയും പാലോളി കമ്മിറ്റിയും ഒരേപോലെ മദ്റസാ നവീകരണത്തിന് പ്രാധാന്യം കൽപിച്ചെങ്കിലും സന്നദ്ധ സംഘടനകൾ തലതിരിച്ചു കളയുന്നത് ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. മദ്റസകളെ പൂർണമായും കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ കൊണ്ടുവരികയും ആത്മീയ വിദ്യാഭ്യാസവും ഭൗതികവിദ്യാഭ്യാസവും കോർത്തിണക്കിക്കൊണ്ട് സിലബസ് പരിഷ്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അറിവിന്റെ കാര്യത്തിൽ പിറകിൽ നിൽക്കുന്ന, തൊഴിലില്ലായ്മയുടെ കാര്യത്തിൽ മുൻപന്തിയിലുള്ള മുസ്‌ലിം ന്യൂനപക്ഷത്തിന് ജീവസ്സുള്ള വരുംതലമുറയെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇത് സഹായിക്കുമെന്നതിൽ സംശയമില്ല. പല മദ്റസകളിലും ഖുർആൻ മാത്രം പഠിപ്പിക്കുകയും പരിഭാഷയെ അവഗണിക്കുകയുംചെയ്യുന്നുണ്ട്; ഇതിന് മാറ്റം വരുത്തണം.

**എൻ.എ മുഹമ്മദ് കൗസർ വടുതല**

## കുഞ്ഞിപ്പാത്തുമ്മയുടെ 'തട്ട'ത്തിനെന്ത് പകിട്ട്!

**ഡോ.** ഉമർ ഒ. തസ്നീമിന്റെ '(തട്ടം) കുഞ്ഞിപ്പാത്തുമ്മയിൽനിന്ന് (മഫ്ത) ഹനാൻ ബിൻത് ഹാശിമിലേക്ക്' എന്ന ലേഖനം എം.എൻ കാരശ്ശേരിയുടെ ലേഖനത്തിന് തക്ക സമയത്തുള്ള യുക്തമായ മറുപടിയായി. പഴയ കുഞ്ഞിപ്പാത്തുമ്മയുടെ തട്ടം കേരളീയ കാലാവസ്ഥക്കും പ്രബുദ്ധതക്കും ചേർന്നതായിരുന്നുവെങ്കിൽ പുതിയ 'പർവിൻ' പർദകൾ അന്ധകാരത്തെയും പിറകോട്ടുപോക്കിനെയും കുറിക്കുന്നു എന്ന് എഴുതിയത് ഷെയ്പ്ഡ് പർദയെക്കുറിച്ചാണെന്ന് വിശ്വസിക്കുന്നു. 'ഷെയ്പ്ഡ് പർദ'

പർവിൻ അനുകരിച്ചിട്ടില്ല. ഇനിയും അനുകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ഇല്ല. എഴുത്തുകാർ ഇത്തരം വിഷയങ്ങൾ പരിശോധിക്കേണ്ടതാണ്.

**അജ്മൽ പാറനാനി**
**റസിഡന്റ് ഡയറക്ടർ, പർവിൻ പർദ**

## അനന്യ സുന്ദരം

***പ്രബോധനം*** അറുപതാം വാർഷികപ്പതിപ്പ് സാംസ്കാരിക കേരളത്തിന് ഒരമൂല്യ ഉപഹാരമാണ്. പി. വത്സല ചൂണ്ടിക്കാട്ടിയതുപോലെ, സാംസ്കാരിക വൈവിധ്യത്തിന് യോജിച്ച അർഥത്തിലുള്ള വിഭവങ്ങളൊരുക്കിയത് നല്ല വായനാനുഭവമായി. പ്രസക്തമായ തലക്കെട്ടുകൾക്ക് കീഴിൽ പ്രതിഭാധനരായ എഴുത്തുകാരെ അണിനിരത്തിയത് ചെറിയ കാര്യമല്ല. ഇതഃപര്യന്തം *പ്രബോധന*ത്തോട് ചേർന്ന് നടന്നവരും അതിന്റെ മുൻകാല സാരഥികളും തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചത്, *പ്രബോധനം* എന്താണെന്നും എന്തായിരുന്നുവെന്നും പുതുതലമുറക്ക് മനസ്സിലാക്കാൻ സഹായകമായി.

മുട്ടാണിശ്ശേരിൽ കോയാകുട്ടി മൗലവിയുമായി സദ്റുദ്ദീൻ വാഴക്കാട് നടത്തിയ അഭിമുഖം അങ്ങേയറ്റം ഹൃദ്യമായി. ലേഖകന്റെ കൃത്യവും സൂക്ഷ്മവുമായ ചോദ്യങ്ങൾക്ക് മൗലവി നൽകുന്ന മറുപടികൾ  അഭിമുഖത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ബഹുമുഖ വിജ്ഞാനീയങ്ങളുടെ സ്വഛന്ദമായ ഒരു പ്രവാഹം തന്നെയാണ്. സ്വന്തം ജീവിതാനുഭവങ്ങളിൽനിന്ന് തുടങ്ങി ഇസ്‌ലാമിക ലോകത്തിന്റെ ദേശീയ-അന്തർദേശീയ തലങ്ങളുടെ ഭൂതവർത്തമാനങ്ങളിലൂടെ പുരോഗമിച്ച് സമുദായത്തിലെ പണ്ഡിതന്മാരുടെ നിഷ്ക്രിയത്വത്തെ ചോദ്യംചെയ്ത് കാലം തേടുന്ന ഉത്തമ സമൂഹത്തിന്റെ സൃഷ്ടി സാക്ഷ്യത്തിനുള്ള നിർദേശങ്ങൾ സമർപ്പിച്ച് ഒഴുകിപ്പരക്കുന്ന ആ വാഗ്‌വിസ്മയം അത്ഭുതത്തോടു കൂടിയല്ലാതെ വായിച്ചുതീർക്കുക സാധ്യമല്ല. അദ്ദേഹത്തെ പോലുള്ള പണ്ഡിത ശ്രേഷ്ഠരെ ഉപയോഗപ്പെടുത്തുന്നതിൽ നാം വേണ്ടത്ര ശ്രദ്ധിച്ചില്ല എന്നത് സങ്കടകരമാണ്.

**ഒ. അശ്റഫ് പിണങ്ങോട്**

## അഭിമുഖത്തിന് നന്ദി

***പ്രബോധനം*** അറുപതാം വാർഷികപ്പതിപ്പിൽ പ്രസിദ്ധീകരിച്ച, ചിന്തകനും ഖുർആൻ വ്യാഖ്യാതാവും ചരിത്ര പണ്ഡിതനുമായ മുട്ടാണിശ്ശേരിൽ കോയാകുട്ടി മൗലവിയുമായുള്ള അഭിമുഖം വായിച്ചു. അദ്ദേഹത്തിന്റെ ആഴമുള്ള അറിവും വ്യതിരിക്തമായ കാഴ്ചപ്പാടുകളും ഹൃദയത്തിൽ തട്ടുന്നവയാണ്. ഇത്തരമൊരു വലിയ വ്യക്തിത്വത്തെ പരിചയപ്പെടുത്തിയതിന് നന്ദി. ഉയർന്ന വ്യക്തികളുമായുള്ള ദീർഘ സംഭാഷണങ്ങൾ ഇനിയും പ്രസിദ്ധീകരിക്കണം.

**നഹിയ, ദോഹ ഖത്തർ**

## ഒരു പ്രസംഗത്തിന്റെ വിജയം

**1970-'71** കാലത്താണ് നേമം പ്രദേശത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ശബ്ദമെത്തുന്നത്. അന്ന് തിരുവനന്തപുരം ഫർക്കയിൽ നാല് മുത്തഫിഖ് ഹൽഖകളേ ഉള്ളൂ- ഞാറയിൽ കോണം, പാളയം, വള്ളക്കടവ്, നേമം. അനുഭാവികൾ വിരലിലെണ്ണാവുന്നവർ മാത്രം. ജമാഅത്തുകാരെ കണ്ടാൽ സലാം പറയരുത്, അവരുമായി സഹകരിക്കരുത് എന്നിങ്ങനെ ശാഠ്യമുള്ളവരാണ് മഹല്ല് കമ്മിറ്റികളിൽ മിക്കവരും. ജമാഅത്ത് നമസ്കാരത്തിനു പോലും പള്ളിയിൽ വരാത്ത മഹല്ല് ഭാരവാഹികളാണ് അവർ. അന്ന് പള്ളിയിൽ ജമാഅത്ത് നമസ്കാരത്തിന് മൂന്നു നാല് വയസ്സന്മാർ മാത്രം കാണും.

എന്നാൽ പ്രദേശത്തെ മുസ്‌ലിം യൂത്ത് മൂവ്മെന്റ് ജമാഅത്തെ ഇസ്‌ലാമി ഘടകമായി മാറിയപ്പോൾ ആ ഘടകത്തിലെ എല്ലാവരും ബാങ്ക് കേട്ടാൽ പള്ളിയിൽ ഹാജരുണ്ടാകും.

അന്ന് മേഖലാ നാസിം കെ.എൻ അബ്ദുല്ല മൗലവിയാണ്. അദ്ദേഹത്തിന്റെ ഒരു പൊതുപ്രഭാഷണ പരിപാടി നടത്താൻ ഞങ്ങൾ തീരുമാനിച്ചു. പ്രദേശത്തെ ആദ്യത്തെ പ്രാസ്ഥാനിക പൊതുയോഗം. നാട്ടുകാരുടെ കടുത്ത എതിർപ്പും നിസ്സഹകരണവും. കെ.എൻ പ്രസംഗം തുടങ്ങി. സമയം രാത്രി ഒമ്പത് കഴിഞ്ഞു. ഞങ്ങൾ അഞ്ചാറ് പ്രവർത്തകർ മാത്രമുണ്ട് കേൾവിക്കാരായി. മറ്റാരുമില്ല. കെ.എന്നിന്റെ പ്രസംഗം അര മണിക്കൂർ കഴിഞ്ഞപ്പോൾ എവിടെ നിന്നൊക്കെയോ ആളുകൾ ഒറ്റയും തെറ്റയുമായി വരാൻ തുടങ്ങി. രാത്രി 10 മണിയായപ്പോഴേക്കും കെ.എൻ പ്രസംഗിച്ചുകൊണ്ടിരുന്ന സ്ഥലമാകെ ജനങ്ങളെകൊണ്ട് നിറഞ്ഞു. ജമാഅത്തുകാർ പറയുന്നത് കേൾക്കരുതെന്ന് പരസ്പരം പറഞ്ഞുറപ്പിച്ച് വീട്ടിനുള്ളിൽ ഇരുന്നവരുടെ കാതുകളിൽ കെ.എന്നിന്റെ അത്യാകർഷകമായ പ്രസംഗം പതിച്ചപ്പോൾ, അവരറിയാതെ പ്രസംഗം നടക്കുന്നേടത്തേക്ക് ഇറങ്ങിവരികയായിരുന്നു. ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രവർത്തകർക്ക് വാതിൽ തുറന്നു തന്ന ഒരു പ്രസംഗം കൂടിയായിരുന്നു അത്. കെ.എന്നിനെ അല്ലാഹു സ്വർഗം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**നേമം സുബൈർ തിരുവനന്തപുരം**

# ഒഴിവാക്കാമായിരുന്ന പരിപാടി

**മുഹാജിദ്** പ്രഭാഷകർ ജമാഅത്തിന് നേരെ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന വിമർശനങ്ങൾ ഒരു പുതിയ സംഭവമല്ല. പഠിച്ചതൊട്ടും മറക്കുകയില്ല, പുതുതായി ഒട്ടും പഠിക്കുകയുമില്ല എന്ന രീതിയിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ആരോപണങ്ങൾ അവഗണിക്കുന്നതാണ് ഉത്തമം. മുസ്‌ലിം സമുദായത്തിനെതിരെ അച്ചടി, ദൃശ്യ മാധ്യമങ്ങൾ സംയുക്തമായി ഒരു മീഡിയാ സിണ്ടിക്കേറ്റായി ദുഷ്പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ ജമാഅത്തിന്റെ ജില്ലാ ഘടകം കോഴിക്കോട്ട് നടത്തിയ 'സലഫിസം, തീവ്രവാദം, ഇസ്‌ലാമിക പ്രസ്ഥാനം' എന്ന പരിപാടി ഒട്ടും ഉചിതമായില്ല. മറ്റു മുസ്‌ലിം സംഘടനകളുടെ മുഖ്യ 'വിനോദ'മായ ഇത്തരം പരിപാടികൾ നടത്താതിരിക്കുക എന്നതാണ് ജമാഅത്തിനെ മറ്റു സംഘടനകളിൽനിന്നും വ്യതിരിക്തമാക്കുന്നത്.

**പി.പി.കെ സിയാദ്**
**ജിദ്ദ**

# ഈ ക്ഷാമത്തിന് പരിഹാരമില്ലേ?

**ഖുത്ബ,** ഖുർആൻ സ്റ്റഡി സെന്റർ, പൊതു പ്രഭാഷണങ്ങൾ, വെക്കേഷൻ ക്ലാസ്സുകൾ തുടങ്ങിയവ വഴി നിരന്തരമായ ബോധവത്കരണമാണ് പള്ളികളിലൂടെ നടക്കുന്നത്. ലൈബ്രറി, പലിശരഹിത വായ്പാ നിധി, സകാത്ത് കമ്മിറ്റി, റിലീഫ് പ്രവർത്തനങ്ങൾ, പ്രശ്നപരിഹാര സമിതി തുടങ്ങിയ പ്രവർത്തനങ്ങളും പള്ളികൾ കേന്ദ്രീകരിച്ചു നടക്കുന്നുണ്ട്. ലക്ഷക്കണക്കിനാളുകൾ ഇതിന്റെ ഗുണഫലമനുഭവിക്കുന്നു. എന്നാൽ, നമ്മുടെ പള്ളികൾ ഇന്നു നേരിടുന്ന മുഖ്യ പ്രശ്നം പ്രാപ്തരായ ഇമാമുമാരുടെയും ഖത്വീബുമാരുടെയും ക്ഷാമമാണ്. നിലവിലുള്ള ഇമാം/ ഖത്വീബ് പിരിഞ്ഞുപോയാൽ പകരം ആളെ കിട്ടുന്നില്ല. മസ്ജിദ് കൗൺസിലുമായോ നേതാക്കളുമായോ ബന്ധപ്പെട്ടാൽ അവർ നിസ്സഹായരായി കൈമലർത്തുകയാണ്.

1992-ൽ പ്രസിദ്ധീകരിച്ച ജമാഅത്തെ ഇസ്‌ലാമി അമ്പതാം വാർഷികപ്പതിപ്പിൽ പ്രസ്ഥാനം നടത്തുന്ന പള്ളികളെ പരാമർശിക്കുന്ന ലേഖനത്തിൽ, ഈ പള്ളികൾ നേരിടുന്ന മുഖ്യ പ്രശ്നം പരിചയസമ്പന്നരായ ഖത്വീബുമാരുടെ ക്ഷാമമാണെന്നും,

1990-ൽ മേരിക്കുന്നിൽ സ്ഥാപിതമായ ദഅ്‌വാ കോളേജ് ക്രമേണ പ്രശ്നപരിഹാരത്തിനുതകും എന്നും വായിച്ചതോർക്കുന്നു. എന്നാൽ ദഅ്‌വാ കോളേജ് സ്ഥാപിച്ച് ഇരുപത് വർഷമായിട്ടും പ്രശ്നം പരിഹാരമില്ലാതെ തുടരുകയാണ്. ഇസ്‌ലാമിക സ്ഥാപനങ്ങളിൽനിന്ന് കോഴ്സ് കഴിഞ്ഞുവരുന്നവർ ഈ രംഗത്ത് പ്രവർത്തിക്കാൻ വിമുഖരാണ് എന്നും കേൾക്കുന്നു. നേതൃത്വം ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി യുക്തമായ നടപടികൾ സ്വീകരിക്കണം.

**എ.ടി മുഹമ്മദ് കുട്ടി**
**സെക്രട്ടറി, മദീനാ മസ്ജിദ് പട്ടാമ്പി**

# ചുരുക്കെഴുത്ത്

***പ്രബോധന*ത്തിന്റെ** അറുപതാം വാർഷികപ്പതിപ്പ് വിഭവ സമൃദ്ധമാണ്. അണയാത്ത വിളക്കായി അറുപതിന്റെ നിറവിലും ഉറങ്ങുന്ന മനസ്സിനെ ഉണർത്തുകയും ഉണർന്നിരിക്കുന്ന മനസ്സിനെ ഉയർത്തുകയും ചെയ്യുന്നു *പ്രബോധനം*.

**സിയാദ്**
**ഇസ്‌ലാമിയാ കോളേജ്, കുറ്റ്യാടി**

***പ്രബോധന*ത്തിൽ** (ലക്കം 24) 'അറിവും ആവേശവും പകർന്ന ഗൾഫ് വിദ്യാർഥി സംഗമം' എന്ന പേരിൽ വെക്കേഷൻ ഗെറ്റ് എവെ ക്യാമ്പിനെക്കുറിച്ച റിപ്പോർട്ട് വായിച്ചു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മക്കായി അണിനിരക്കേണ്ട പുതുതലമുറ സ്വാർഥതയിലേക്ക് ഉൾവലിഞ്ഞുപോകുന്ന ഇന്നത്തെ സാഹചര്യത്തിൽ തീർച്ചയായും ഇത്തരം ക്യാമ്പുകൾ അത്യന്താപേക്ഷിതമാണ്.

**സുമറ കണ്ണൂർ**

***പ്രബോധനം*** ലക്കം 27-ലെ വാഴക്കാട് മുജീബുർറഹ്മാന്റെ അനുസ്മരണം വായിച്ചു. മൂന്ന് കുട്ടികളെ അനാഥരാക്കി കൊണ്ടുള്ള മരണം. കരളുരുകി ഞാൻ കരഞ്ഞുപോയി. ശൈഖ് സാഹിബിന്റെ 'ആർദ്രതയുടെ ഊഷ്മള വികാരങ്ങളുണർത്തുന്ന സേവനത്തിന്റെ സ്നേഹസ്പർശം' മനസ്സിൽ തട്ടി. മുജീബുർറഹ്മാന്റെ മൂന്ന് കുട്ടികളും വിധവയും സാമ്പത്തിക സഹായം അർഹിക്കുന്നവരാണെങ്കിൽ അവർക്ക് ഒരു സംഖ്യ അയച്ചു കൊടുക്കാം.

ടി.കെ അബ്ദുല്ല സാഹിബിന്റെ ഓർമകളോ ലേഖനമോ അറുപതാം വാർഷികപ്പതിപ്പിൽ വരാത്തതിൽ ദുഃഖമുണ്ട്. *പ്രബോധനം* വാരികയിൽ ടി.കെയുടെ ഓർമക്കുറിപ്പുകൾ വരുമെന്ന് കേട്ടിരുന്നു, അതും കാണുന്നില്ല.

**പി. സൂപ്പി കുറ്റ്യാടി**